**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 7209 16.07.2012- ൽ മറുപടിക്ക്

## പ്രകൃതിക്ഷോഭങ്ങളുടെ അനുബന്ധ സംഭവങ്ങളിലൂടെയുള്ള നാശനഷ്ടങ്ങൾക്ക് പരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി. തിലോത്തമൻ** | | **ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| (എ) | വൈദ്യുതി ഷോർട്ട് സർക്യൂട്ട് പോലുള്ള അപകടങ്ങളിലൂടെ വീട് തീപിടിച്ച് സർവ്വവും നഷ്ടപ്പെടുന്ന സന്ദർഭങ്ങളിൽ നഷ്ടപരിഹാരത്തിനും സാമ്പത്തിക സഹായത്തിനും റവന്യൂ ഉദ്യോഗസ്ഥർക്ക് അപേക്ഷ നൽകിയാൽ പ്രകൃതി ദുരന്തമല്ലാത്തതിനാൽ സാമ്പത്തിക സഹായം നൽകാനാകില്ല എന്ന കാരണം പറഞ്ഞ് അപേക്ഷ നിരസിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരമുണ്ടാകുന്ന നഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കില്ല എന്ന് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രകൃതിക്ഷോഭ ദുരന്തത്തിൽ ഇരയാകുന്നവർക്ക് സഹായധനം നൽകുന്നതും നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം നൽകുന്നതും സംസ്ഥാന ദുരന്തനിവാരണ നിധി (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്) ൽ നിന്നാണ്. പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 25% സംസ്ഥാന വിഹിതവും 75% കേന്ദ്ര സഹായവും ഉൾപ്പെടുന്നതാണ് ഈ നിധി. ഇതിൽ നിന്നും നഷ്ടപരിഹാരം നൽകുന്നത് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ്. വൈദ്യുതി ഷോർട്ട് സർക്യൂട്ട് പോലുള്ള മനുഷ്യനിർമ്മിത അപകടങ്ങളിൽ നഷ്ടപരിഹാരം നൽകുവാൻ ഈ മാനദണ്ഡങ്ങൾ അനുസരിച്ച് സാധിക്കുകയില്ല. ഇപ്രകാരമുള്ള ദുരന്തങ്ങൾക്ക് സഹായം ലഭിക്കില്ല എന്ന ഉത്തരവ് പ്രത്യേകമായി ഇറക്കിയിട്ടില്ല. |
| (ബി) | കാറ്റ്, മഴ, ഇടിമിന്നൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾമൂലമല്ലാതെ പ്രകൃതിക്ഷോഭങ്ങളുടെ അനുബന്ധ സംഭവങ്ങളിലൂടെ ആളപായവും വീടുകൾക്കും പണിശാലകൾക്കും നാശനഷ്ടവും ഉണ്ടാകുമെന്ന കാര്യം ബോധ്യപ്പെട്ട ഇത്തരം സംഭവങ്ങളിൽ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും സഹായം അനുവദിക്കാൻ അർഹമായ പ്രകൃതിക്ഷോഭങ്ങളോട് അനുബന്ധമായ സംഭവങ്ങളിൽ ആളപായങ്ങൾക്കും വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രത്യേക കേസ്സായി പരിഗണിച്ച് സഹായം അനുവദിക്കാറുണ്ട്. എന്നാൽ പണിശാലകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സഹായം അനുവദിക്കാൻ വ്യവസ്ഥയില്ല. ഇടിമിന്നൽ എസ്.ഡി.ആർ.എഫ് -ൽ നിന്നും തുക അനുവദിക്കാൻ അർഹമായ പ്രകൃതിക്ഷോഭമായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അത്തരത്തിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് തുക അനുവദിക്കുന്നത്. പണിശാലകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സഹായധനം അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ